# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1432 20.01.2014 - ൽ മറുപടിക്ക്

## ശ്രീ ശങ്കര പാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും അലൈൻമെന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ ശങ്കര പാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും മറ്റൂരിൽ നിന്നും ആരംഭിച്ച് താണിപ്പുഴയിൽ അവസാനിക്കുന്ന അലൈൻമെന്റ് നടപ്പിലാക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | (എ) | സർവ്വെ നടപടി പൂർത്തിയാക്കി. ഇതിന്റെ അലൈൻമെന്റ് സ്കെച്ച് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | ശ്രീ ശങ്കര സമാന്തരപാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും നിർമ്മാണം സംബന്ധിച്ച് 1961 -ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-ാം വകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; | (ബി) & (സി) | ഉണ്ട്. ഈ പാലത്തിന്റെ സർവ്വെ നടപടികൾ വല പ്രാവശ്യം ഡിപ്പാർട്ടുമെന്റ് തലത്തിൽ ആരംഭിച്ചെങ്കിലും അതു പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഏറ്റവും പ്രായോഗികവും സർക്കാരിന് സാമ്പത്തിക ബാധ്യത കുറഞ്ഞതുമായ സ്ഥലത്തുകൂടി, തിരക്കുള്ള കാലടി ടൗൺ ഒഴിവാക്കി ഉടംമ്പുഴ തോടിന് സമീപം ആരംഭിച്ച്, താന്നിപ്പുഴയിൽ അവസാനിക്കുന്ന അലൈൻമെന്റിന്റെ സർവ്വേ നടപടികൾ തുടങ്ങാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചു. സർവ്വേ നടപടികൾ നിരന്തരമായി തടസ്സപ്പെട്ടതിനാൽ നിർദ്ദിഷ്ട അലൈൻമെന്റിൽ കൂടി സർവ്വേ നടത്തുന്നതിനായി 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പു മുഖേന പ്രസിദ്ധീകരിക്കുകയും അലൈൻമെന്റ് സ്കെച്ചിനുവേണ്ടി സർവ്വേ നടപടികൾ പോലീസ് സഹായത്തോടെ പൂർത്തീകരിക്കുകയും ചെയ്തു. |
| (സി) | ഉണ്ടെങ്കിൽ ഇതിനായി അവലംബിച്ച മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| (ഡി) | കാലടിയിലെ നിലവിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിർദ്ദിഷ്ട സമാന്തരപാലത്തിന്റെയും ബൈപ്പാസ് റോഡിന്റെയും അലൈൻമെന്റ് നിർണ്ണയിക്കുന്നതിനായി സാങ്കേതികവിദഗ്ദ്ധരെ കൊണ്ട് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ? | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക വിദഗ്ധരുടെ നേതൃത്വത്തിലാണ് അലൈൻമെന്റ് നടപടികൾ നിർണ്ണയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ